**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.113** — **11.06.2019-ൽ മറുപടിക്ക്**

**മത്സ്യമേഖലയിലെ ചൂഷണങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.മമ്മൂട്ടി**<br>**,, കെ.എം.ഷാജി**<br>**,, പാറക്കൽ അബ്ദുല്ല :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മത്സ്യബന്ധനത്തിലേർപ്പെടുന്നവർ സ്വകാര്യപണമിടപാടുകാരിൽ നിന്നും വായ്പ എടുക്കുന്നതിലൂടെ വൻ സാമ്പത്തിക ചൂഷണത്തിന് വിധേയരാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളികൾ വായ്പയ്ക്കായി പ്രധാനമായും ആശ്രയിക്കുന്ന മൽസ്യലേലക്കാരായ ഇടനിലക്കാർ, തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന്റെ വിലയുടെ 5 മുതൽ 10 ശതമാനം വരെ കമ്മീഷൻ പലിശയായി ഈടാക്കി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മത്സ്യലേലക്കാരായ ഇടനിലക്കാർ മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന്റെ വിലയുടെ 5 ശതമാനം വരെ കമ്മീഷനായി ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | മത്സ്യമേഖലയിലെ ഇത്തരം ചൂഷണങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (സി) | മത്സ്യമേഖലയിൽ മത്സ്യഫെഡ് മുഖേന പ്രവർത്തന മൂലധനം നൽകിക്കൊണ്ട് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ നിയമിക്കുന്ന ലേലക്കാരെ ഉപയോഗിച്ച് ലേലം നടത്തുന്ന സമ്പ്രദായമാണ് ചൂഷണം തടയുന്നതിന് നിലവിൽ ആവിഷ്കരിച്ചിട്ടുള്ളത്. സഹകരണ സംഘങ്ങളെ കൂടുതൽ ശാക്തീകരിച്ച് മത്സ്യലേലം കൂടുതൽ സംഘങ്ങൾ വഴി വ്യാപിപ്പിക്കേണ്ടതുണ്ട്. മത്സ്യലേലത്തിലൂടെ ലഭ്യമാകുന്ന 5 ശതമാനം കമ്മീഷനിൽ നിന്നും ഒരു ശതമാനം വീതം ലേലക്കാരനും ബന്ധപ്പെട്ട മത്സ്യസഹകരണ സംഘത്തിനും മത്സ്യഫെഡിനും നൽകിയ ശേഷം ബാക്കി വരുന്ന 2 ശതമാനം മത്സ്യത്തൊഴിലാളികൾക്ക് തന്നെ തിരികെ നൽകുകയും ചെയ്തു വരുന്നു. മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും |

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. ഫിഷ് മാർക്കറ്റിംഗ്, ഓക്ഷനിംഗ് & ക്വാളിറ്റി കൺട്രോൾ ബിൽ കരട് തയ്യാറാക്കിയിട്ടുണ്ട്.<br><br>മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് മത്സ്യം ശേഖരിച്ച് ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കളിൽ എത്തിക്കുന്നതിനായി 33 ഫിഷ് മാർട്ടുകൾ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നു. അതു കൂടാതെ അന്തിപ്പച്ച എന്ന പേരിൽ തിരുവനന്തപുരത്തും കൊല്ലത്തും മൊബൈൽ ഫിഷ് മാർട്ടുകളും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ